# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4811     14/11/2019-ൽ മറുപടിക്ക്

## ഹയർ സെക്കണ്ടറി, സ്കൂൾ വിദ്യാഭ്യാസ വകുപ്പുകളുടെ ലയനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**,, വി.ഡി.സതീശൻ**<br>**,, കെ.എസ്.ശബരീനാഥൻ**<br>**,, വി.ടി.ബൽറാം** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഇരുപതു വർഷത്തോളം അക്കാദമിക് ഗുണമേന്മയും ഭരണ കാര്യക്ഷമതയും പുലർത്തിയ ഹയർ സെക്കണ്ടറി വിദ്യാഭ്യാസവകുപ്പിനെ സ്കൂൾ വിദ്യാഭ്യാസ വകുപ്പുമായി ലയിപ്പിച്ച് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ ഭാഗമാക്കുമ്പോൾ അത് ഹയർ സെക്കണ്ടറിയുടെ ഗുണനിലവാരത്തകർച്ചക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ;<br><br>ബി) ഈ വസ്തുത സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;<br><br>സി) ഒരു സ്കൂളിൽ രണ്ട് അധികാര കേന്ദ്രങ്ങൾ ഉണ്ടാകുന്നത് അവർ തമ്മിലുള്ള അധികാര വടംവലിക്കും നിലവിലുള്ള സ്ഥിതി സങ്കീർണ്ണമാക്കുവാനും ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | എ), ബി) & സി) കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ദേശീയനയ പ്രകാരം സ്കൂൾ വിദ്യാഭ്യാസം എന്നത് 12 വർഷമായി ദേശീയതലത്തിൽ നിജപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസം എന്നത് 1 മുതൽ 12 വരെയുള്ള ക്ലാസുകൾ എന്ന വസ്തുത ആശയപരമായും പ്രായോഗികമായും പ്രാവർത്തികമാക്കി പൂർണ്ണ തോതിൽ മാറിയത് 1990 കളുടെ അവസാനത്തോടെയാണ്. ഇതിനുശേഷവും സംസ്ഥാനത്തെ 1 മുതൽ 12 വരെയുള്ള വിദ്യാഭ്യാസം - സ്കൂൾ വിദ്യാഭ്യാസം, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം എന്നിങ്ങനെയുള്ള വെവ്വേറെ ഡയറക്ടറേറ്റുകളുടെ പരിധിയിലാണ് വിന്യസിച്ചിരുന്നത്. 1 മുതൽ 12 വരെയുള്ള ക്ലാസുകൾ വിവിധ ഡയറക്ടർമാർ നിയന്ത്രിക്കുന്നത് വളരെയേറെ പ്രായോഗിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുവെന്നും അത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നുവെന്നും കണ്ടതിനാലാണ് ഏകീകരണം നടപ്പിലാക്കിയത്. ഗുണപരമായ മാറ്റങ്ങളിലൂടെ സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് സ്കൂളുകളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതേപോലെ നിലനിർത്തിക്കൊണ്ട് ഒരു യൂണിറ്റാക്കി മാറ്റി അക്കാദമിക മികവ് ഉണ്ടാക്കുവാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏകീകരണം കൊണ്ട് ലക്ഷ്യമിടുന്നത്. |

| | |
|---|---|
| ഡി) ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ നിയമന നിരോധനം ഉണ്ടാകുവാൻ സാധ്യതയുണ്ടോ; വിശദമാക്കുമോ? | ഡി) ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ നിർദ്ദേശിച്ച ഏകീകരണം കൊണ്ട് അദ്ധ്യാപകരുടെയോ അനദ്ധ്യാപകരുടെയോ സേവന വേതന വ്യവസ്ഥകൾക്കും അവകാശങ്ങൾക്കും ഒരു മാറ്റവും വരുന്നില്ലെന്ന് മാത്രമല്ല ഒരു യൂണിറ്റായി കാണുന്നതിനാൽ എല്ലാ മേഖലകളിലും തൊഴിൽ സാധ്യത വർദ്ധിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ